പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2159 **26-10-2026-ൽ മറുപടിയ്ക്ക്**

പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) ചേലക്കര മണ്ഡലത്തിലെ 24 വാർഡുകളും 40,256 ജനസംഖ്യയും 54.03ച.കി.മീ. വിസ്തൃതിയുമുള്ള പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ ഭരണനിർവ്വഹണത്തിന് അത്യാവശ്യമായ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സുപ്രധാന തസ്തികകളിൽ ആളില്ലാതെ വരുന്നത് വികസന പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതികളും സ്തംഭനാവസ്ഥയിലാക്കും എന്നതു കണക്കിലെടുത്ത് പ്രസ്തുത ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

മറുപടി: പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി./സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം എന്നിവ മുഖേന നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(സി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ